പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2966 — 17.10.2016 -ൽ മറുപടിക്ക്.

# വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്തത്

| ചോദ്യം<br>**ശ്രീ.പി.കെ.ബഷീർ** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഹോട്ടൽ ഉൾപ്പെടെയുള്ള കച്ചവട സ്ഥാപനങ്ങളെല്ലാം വില്പന നടത്തുന്ന ഉൽപ്പന്നങ്ങളുടെ കൃത്യമായ വിലവിവര പ്പട്ടിക പ്രദർശിപ്പിക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ; വിശദമാക്കുമോ? | (എ) ഉണ്ട്. ഹോട്ടൽ ഉൾപ്പെടെയുള്ള കച്ചവട സ്ഥാപനങ്ങൾ വിലവിവര പട്ടിക ഉപഭോക്താക്കൾ കാണത്തക്ക വിധം പ്രദർശിപ്പിക്കണമെന്ന് നിയമം മൂലം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് കർശനമായി പാലിക്കപ്പെടുന്നുണ്ടോ എന്ന് വകുപ്പിലെ ഉദ്യോഗസ്ഥരും, റവന്യൂ, ലീഗൽ മെട്രോളജി എന്നീ വകുപ്പിലെ ഉദ്യോഗസ്ഥരുമായി ചേർന്നും നിരന്തരം പരിശോധനകൾ നടത്തുകയും നിയമ ലംഘനം നടത്തുന്നവർക്കെതിരെ 1977 ലെ Kerala Food Stuffs (Display of Prices by Catering Establishment) Order. 1977 ലെയും 1980 ലെയും (Kerala Essential Commodities Maintenance of Account and Display of Price and Stock) Order എന്നിവ പ്രകാരവും ശക്തമായി നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) ഇക്കാര്യത്തിൽ പല സ്ഥാപനങ്ങളും വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം നിയമ ലംഘനങ്ങൾ ക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്ത മാക്കുമോ? | (ബി) ഉണ്ട്. നിയമ ലംഘനം നടത്തുന്നവർക്കെതിരെ 1977 ലെ Kerala Food Stuffs (Display of Prices by Catering Establishment) Order, 1977 ലെയും 1980 ലെയും (Kerala Essential Commodities Maintenance of Account and Display of Price and Stock) Order എന്നിവ പ്രകാരം ശക്തമായി നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) അമിത വില പ്രദർശിപ്പിച്ച് അത് ഈടാക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കാൻ നിയമമുണ്ടോ? | (സി) നിലവിൽ നിയമം ഇല്ല. |

സെക്ഷൻ ഓഫീസർ